(ഡി) ടോക്യോ എഞ്ചിനീയറിംഗ് കൺസൾട്ടൻസ് കമ്പനി നേതൃത്വം നൽകുന്ന ടി.ഇ.സി. കൺസോർഷ്യത്തിൽ താഴെ പറയുന്നവർ ഇപ്പോൾ ജോലി ചെയ്യുന്നു.

1. ശ്രീ. പി. എം. മോഹൻദാസ്
2. ശ്രീ. എൻ. വാസുദേവൻ പോറ്റി
3. ശ്രീ. കെ. ബാലകൃഷ്ണ പിള്ള
4. ശ്രീ. ആർ. ശശിധരൻ നായർ
5. ശ്രീ. കെ. സുരേന്ദ്രൻ
6. ശ്രീ. കൃഷ്ണകുമാർ, എം. പി.

കേരള വാട്ടർ അതോറിറ്റിയിൽ പ്ലംബർ, ഫിറ്റർ, വർക്കർ തസ്തികകളിലേക്ക് നിയമനം

73 [1051] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി.-യിൽ നിന്നും ഏറ്റവും അവസാനമായി എന്നാണ് പ്ലംബർ, ഫിറ്റർ, വർക്കർ തസ്തികയിലേക്ക് നിയമനം നടത്തിയത്;

(ബി) വാട്ടർ അതോറിറ്റിയിലെ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടോ ;

(സി) ഈ മൂന്ന് തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ജോലികൾ എങ്ങനെയാണ് ഇപ്പോൾ നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്ലംബർ തസ്തികയിലേക്ക് 21-4-1990-ലും ഫിറ്റർ തസ്തികയിലേക്ക് 19-5-1986-ലും വർക്കർ തസ്തികയിലേക്ക് 1-7-2004-ലും നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്ലംബർ തസ്തികയിൽ 25 ഒഴിവുകളും ഫിറ്റർ തസ്തികയിൽ 36 ഒഴിവുകളും വർക്കർ തസ്തികയിൽ 33 ഒഴിവുകളും നിലവിലുണ്ട്. ഈ ജോലികൾ നിലവിലുള്ള ജീവനക്കാരെ വച്ചും അത്യാവശ്യ ഘട്ടങ്ങളിൽ കരാറുകാരുടെ സേവനവും ഉപയോഗപ്പെടുത്തുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1052 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള പമ്പ് ഓപ്പറേറ്റർമാരുടെ പി.എസ്.സി. ലിസ്റ്റ്

74 [1053] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ എത്ര പമ്പ് ഓപ്പറേറ്റർമാരുടെ ഒഴിവുകളുണ്ട്;

(ബി) പമ്പ് ഓപ്പറേറ്റർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ കൊല്ലം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 424 ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ള 1050 സ്കീമുകൾ പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞാൽ മാത്രമേ പമ്പ് ഓപ്പറേറ്റർമാരുടെ സ്ഥിരം ഒഴിവുകൾ കണക്കാക്കി നിയമനം നടത്തുവാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകൾ

75 [1054] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർ തസ്തികയിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്;

(ബി) ഇവരുടെ വിവരം സ്ഥിരം, താൽക്കാലികം, മറ്റു വിഭാഗം എന്ന ക്രമത്തിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. അവസാനമായി നിയമനം നടത്തിയത് എപ്പോഴാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു;

(ഡി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഓപ്പറേറ്റർമാരുടെ കുറവുകാരണം പമ്പിംഗ് ജോലികൾക്ക് തടസ്സം വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ ഇപ്പോൾ 1648 സ്ഥിരം ജീവനക്കാരും 373 താൽക്കാലിക ജീവനക്കാരും മറ്റു വിഭാഗത്തിൽ 51 പേരും ഉണ്ട്.

(സി) ഓപ്പറേറ്റർ തസ്തികയിലേക്ക് 21-5-1997-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 23-9-2003-ൽ പി.എസ്.സി. വഴി നിയമനത്തിന് ഏറ്റവും ഒടുവിൽ ശുപാർശ ലഭിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓപ്പറേറ്റർ തസ്തികയിൽ ഒരൊഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly